# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 05/02/2016

## (25 RABIUL AAKHIR 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### “ISLAM & SLAVERY ” / ഇസ്‌ലാമും അടിമത്വവും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്‌ലാമും അടിമത്വവും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. മൗറീഷ്യസിൽ അടിമത്വം നിർത്തലാക്കിയതുമുതൽ അതിനെ അനുസ്മരിച്ചുകൊണ്ട് എല്ലാ ഫെബ്രുവരി ഒന്നാം തീയതിയും അവധി ദിനമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. 2016 ഫെബ്രുവരി ഒന്നാം തീയതി തിങ്കളാഴ്ച അവധി ദിനമായിരുന്നു. ആയതിനാൽ 2016 ഫെബ്രുവരി 5-ാം തീയതിയായ ഈ വെള്ളിയാഴ്ച ഈ വിഷയത്തിലേക്ക് വെളിച്ചം നൽകുകയാണ്.

**ഇസ്‌ലാമും അടിമത്വവും** : – അടിമത്വ സ്ഥാപനം ഇസ്‌ലാം നിർത്തലാക്കിയിട്ടുള്ളതാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പേ അത് സ്ഥാപിതമായതുമാണ്. അടിമത്വ സ്ഥാപനത്തെ അതിന്റെ അധ്യാപനങ്ങളിലൂടെ ഇല്ലാതാക്കിയ ഒരേയൊരു മതമാണ് ഇസ്‌ലാം. മറ്റൊരു മതവും ഇത് നിർത്തലാക്കുവാനുള്ള ഒരു പദ്ധതിയും മുന്നോട്ടു വച്ചിട്ടില്ല. പകരം മറ്റു മതങ്ങളെല്ലാം ഈ സ്ഥാപനത്തെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ജൂദ മതത്തിലും ഹിന്ദുമതത്തിലും അടിമത്വത്തെ മതപരമായ സ്ഥാപനങ്ങളായാണ് നിരീക്ഷിച്ചിട്ടുള്ളത് (ജൂദരല്ലാത്തവരോടുള്ള ജൂദ സമീപനവും ജാതി വ്യവസ്ഥയിലൂടെയുള്ള ഹൈന്ദവ സമീപനവും ) ക്രിസ്തുമതം ജൂദ മതത്തിന്റെ ഒരു ശാഖ മാത്രമാണ്. ആ നിലയിൽ അടിമത്വം ക്രൈസ്തവ രാഷ്ട്രങ്ങൾ നൂറ്റാണ്ടുകളോളം അംഗീകരിക്കുകയും പിൻതുടരുകയും ചെയ്തുകൊണ്ടിരുന്നു. ധാർമ്മിക നിലവാരങ്ങളുടെ പുരോഗതിയുടെ ഫലമായിട്ടാണ് അടിമത്വം നിർത്തലാക്കിയത്. അതല്ലാതെ അതിന് ക്രിസ്ത്യൻ അധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. ക്രിസ്ത്യൻ ചർച്ചിന്റെ ചരിത്രം അനേകം സന്ദർഭങ്ങളിൽ അടിമത്തം നിർത്തലാക്കാൻ അവർ നടത്തിയ പരിശ്രമങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ അത്ഭുതകരമെന്ന് പറയട്ടെ. ഒരോ സന്ദർഭത്തിലും ചർച്ച് വളരെ ഭയാനകമായ എതിർപ്പിനെ നേരിടേണ്ടി വന്നിട്ടുണ്ട്. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം അതിൽ നിലനിന്ന ജാതി വ്യവസ്ഥ, അടിമത്വം ശക്തമായി സ്ഥാപിക്കുകയാണ് ചെയ്തത്. നല്ലൊരളവോളം അടിമത്വം നല്ലതായി കരുതുകയും ചെയ്തിരുന്നു; ചില ദോഷങ്ങൾ അതിലുണ്ടെങ്കിൽ പോലും ! ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം അടിമത്വം അതിന്റെ എല്ലാ രൂപഭാവങ്ങളിലും ഇല്ലായ്മ ചെയ്യുകയാണ് ഉണ്ടായത്.

**യുദ്ധവും അടിമത്വവും ഇസ്ലാമിക വീക്ഷണത്തിൽ** : –

എന്നാൽ ഇസ്ലാം അംഗീകരിച്ച ഒരു സ്ഥാപനം, അടിമത്വം എന്ന പദത്തിലൂടെ വിവരിച്ചത് ഇപ്രകാരമാണ്. യുദ്ധ തടവുകാരായി പിടിക്കപ്പെടുന്ന സാഹചര്യത്തിൽ ഈ പദം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത് മോശമായ ഒരു കാര്യമാണെങ്കിലും, യുദ്ധത്തിൽ ഇത് അത്യാവശ്യമായി വരുന്നു എന്നതാണ് സത്യം. രണ്ട് രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെടുമ്പോൾ പിടിക്കപ്പെടുന്ന യുദ്ധ തടവുകാരെ, അന്ന് തന്നെ കൈമാറുക എന്നത് സങ്കൽപ്പിക്കുവാൻ കഴിയാത്ത കാര്യമാണ്. അങ്ങനെയായാൽ പിറ്റേന്ന് അവർ അവരുടെ സൈന്യ

ത്തോടൊപ്പം വീണ്ടും യുദ്ധത്തിന് പുറപ്പെടുമല്ലോ. കളികളിൽ പോലും ഒരു കരുവിനെ പുറത്താക്കിയാൽ കളി കഴിയുന്നതുവരെ അതിനെ പങ്കെടുപ്പിക്കുന്നതല്ല. മാത്രമല്ല യുദ്ധത്തിൽ തടവുകാരെ പിടികൂടുന്നില്ലെങ്കിൽ, അഥവാ അവരെ പിടിച്ചശേഷം ഉടൻ തന്നെ മോചിപ്പിക്കുകയാണെങ്കിൽ, യുദ്ധം എന്നെന്നും നില നിൽക്കുന്നതായി തീരും. യുദ്ധം ചെയ്തവരെ പിടിക്കേണ്ടതും ജയിലിലടയ്ക്കേണ്ടതും അവശ്യമായ ഒരു തിന്മയാണ്. ഇത് യുദ്ധത്തിന്റെ അവശ്യമായ അനന്തരഫലമാണ്. ഈ നിയമപ്രകാരമല്ലാതെ മറ്റൊരു തരത്തിലുള്ള അടിമത്വവും ഇസ്ലാം അനുവദിക്കുന്നില്ല.

**പ്രവാചകന് അടിമയില്ല :-**

പ്രവാചകന് ഒരടിമയും ഉണ്ടായിരുന്നില്ല എന്നത് വളരെ വ്യക്തമാണ്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു **"(യുദ്ധം ചെയ്ത) നാട്ടിൽ (ശത്രുക്കളെ) കീഴടക്കുന്നതുവരെ ഒരു നബിക്കും ബന്ധനസ്ഥരുണ്ടായിരിക്കുക എന്നത് ചേർന്നതല്ല. നിങ്ങൾ ഐഹിക വിഭവങ്ങളെ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ, നിങ്ങൾക്ക് പരലോകമാണ് ഉദ്ദേശിക്കുന്നത്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. "(8:68)**

**ഒരു പ്രവാചകനും അടിമകളെ വെച്ചുകൊണ്ടിരിക്കുവാൻ അനുവാദമില്ല : -**

ആരെയും അടിമകളാക്കി വയ്ക്കുവാൻ ഒരു പ്രവാചകനും അനുവാദമില്ല. ഇത് മുഹമ്മദ് (സ) യ്ക്ക് മാത്രമല്ല മറ്റൊരു പ്രവാചകന്മാർക്കും അനുവാദം നൽകിയിട്ടുമില്ല. ആയതിനാൽ ഒരു പ്രവാചകനും അടിമകൾ ഉണ്ടായിരുന്നില്ല എന്നതാണ് നമ്മുടെ വിശ്വാസം. നാം ചുരുക്കി പറയുകയാണ് ശ്രീരാമചന്ദ്രനോ, ശ്രീകൃഷ്ണനോ, ജീസസിനോ, മോസസിനോ ഈ കല്പനകൾക്കെതിരിൽ പ്രവർത്തിക്കാനാവില്ല. അവരുടെ മേൽ അത്തരം ആരോപണങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അതിന് യാതൊരു നീതികരണവും ഉണ്ടായിരിക്കില്ല.

ഞാൻ മേൽ ഉദ്ധരിച്ച വചനം യുദ്ധത്തെ സംബന്ധിച്ച് നമ്മെ പഠിപ്പിക്കുന്നത് വളരെയധികം മരണം സംഭവിക്കാതിരിക്കുവാൻ വേണ്ടി അനുവദിച്ചിട്ടുള്ളതാണ്. യുദ്ധത്തിൽ തടവുകാരായി പിടിക്കുവാനുള്ള അനുവാദം! രാജ്യങ്ങൾ തമ്മിൽ യുദ്ധാവസരത്തിൽ മാത്രം അനുവദിക്കപ്പെട്ടിട്ടുള്ള ഒരു കാര്യവുമാണിത്. ഗോത്ര വഴക്കുകൾക്കോ കുടുംബ കലഹങ്ങൾക്കോ ഇത് അനുവദിക്കപ്പെട്ടിട്ടില്ല. ഈ പറയപ്പെട്ട സാഹചര്യങ്ങളിലല്ലാതെ അടിമകളാക്കുകയോ, തടവുകാരാക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്നവർ ഭൗതിക നേട്ടങ്ങൾ കരസ്ഥമാക്കുവാനുള്ള പ്രവർത്തിയാണ് ചെയ്യുന്നത്. അത് ഒരിക്കലും ദൈവപ്രീതിക്കുവേണ്ടിയുള്ളതല്ല. ദൈവം അവരിലൂടെ ആഗ്രഹിക്കുന്നത് അവരുടെ ഭാവിയിലെ അനന്ത ജീവിതത്തെയാണ്. ദൈവം മഹത്വമുള്ളവനാണ്, ബുദ്ധിമാനാണ്. ഈ കല്പനകൾ, ദൈവത്തിൽ നിന്നും ആഗതരാകുന്ന എല്ലാവർക്കും നിറയെ ബൗദ്ധികത പ്രദാനം ചെയ്യുന്നതാണ്.

ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, അടിമത്വം പിന്തുടർന്ന ജനങ്ങളൊക്കെ അടിമകളായി തരം താണിട്ടുണ്ട്. മുസ്ലീങ്ങൾ അവഗണിച്ചിട്ടുണ്ടെങ്കിൽ, അടിമത്വം നിലനിർത്തിയിട്ടുണ്ടെങ്കിൽ, അവർ തീർച്ചയായും അടിമകളായി തരം താണിട്ടുണ്ട്. അടിമത്വം ആചരിച്ചവരൊക്കെ അടിമകളായി തരംതാണ സംഭവം ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അബ്ബാസിയാ ഭരണകർത്താക്കൾ അടിമത്വത്തെ പ്രോത്സാഹിപ്പിച്ചു, ഫലമോ അബ്ബാസിയ ഖലീഫമാരിലധികവും അടിമ സ്ത്രീകളിൽ നിന്നും ജനിച്ചവരായി, ഫലമോ പിന്നീടു വന്നവർ തികച്ചും സ്വതന്ത്രരരായി തീർന്നു.

യുദ്ധവുമായി ബന്ധപ്പെട്ട ഈ വചനത്തിൽ ഉപയോഗിച്ചിട്ടുള്ള ഇത്ഖാൻ എന്ന വാക്ക് അർത്ഥമാക്കുന്നത്, യുദ്ധം മൂലം എണ്ണമറ്റ മനുഷ്യജീവൻ നഷ്ടപ്പെടുമ്പോഴുള്ള സ്ഥിതിവിശേഷത്തെയാണ്. ഗോത്രസമരത്തെയോ, ചെറുസംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലോ ഇതിൽ ഉൾപ്പെടുന്നില്ല. വ്യവസ്ഥാപിത രാജ്യങ്ങൾ തമ്മിലുള്ള നിരന്തരയുദ്ധമാണ് ഇതിൽ ഉൾപ്പെടുന്നത്. ഒരു രാജ്യം തന്റെ പൗരന്മാർ യുദ്ധതടവുകാരായി പിടിക്കപ്പെടുന്നത് ഇഷ്ടപ്പെടുകയില്ല. ആയതിനാൽ അവർ ആക്രമണം കഴിയുന്നതും നടത്താതിരിക്കും. ഒരാക്രമണം ആരംഭിക്കുകയാണെങ്കിൽ, അത് യുദ്ധത്തിലേക്കും മനുഷ്യ ജീവനഷ്ടത്തിലേക്കും കലാശിച്ചാൽ,

കുറേപേരെ യുദ്ധതടവുകാരായി പിടിക്കപ്പെട്ടാൽ, അതിനെ പ്രതിഷേധിക്കുവാൻ പോലും സാധിക്കില്ല. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടാൽ, ഇസ്ലാമിക അധ്യാപനങ്ങളനുസരിച്ച്, താഴെ കാണുന്ന വചനപ്രകാരം രണ്ടു രീതിയിലുള്ള പരിഹാരമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, അവിശ്വാസികളുമായി (പോർക്കളത്തിൽ) നിങ്ങൾ ഏറ്റുമുട്ടിയാൽ (അവരുടെ) കഴുത്തുകൾ വെട്ടുക. അങ്ങനെ, അവരെ കീഴ്പ്പെടുത്തികഴിഞ്ഞാൽ (യുദ്ധ തടവുകാരെ) നിങ്ങൾ മുറുക്കിക്കെട്ടുക – എന്നിട്ട് അതിനുശേഷം ഒന്നുകിൽ (അവരോട്) ഔദാര്യം കാണിച്ച് (നിരുപാധികം) വിട്ടയയ്ക്കുക. അല്ലെങ്കിൽ അവരിൽ നിന്ന് പ്രായശ്ചിത്തം വാങ്ങി വിടുക– യുദ്ധം അവസാനിക്കുമ്പോൾ (47:5)

യുദ്ധാവസാനം, എല്ലാ യുദ്ധ തടവുകാരെയും മോചിപ്പിക്കേണ്ടതാണ്, പരിശുദ്ധമായ ഒരു നല്ല പ്രവർത്തിയെന്ന നിലയിൽ! അല്ലെങ്കിൽ അവരിൽ നിന്ന് ഒരു തുക വാങ്ങി വിട്ടയയ്ക്കുക. ഒരു തടവുകാരൻ സ്വയമേവ മോചിതനാകാൻ തയ്യാറാകുന്നില്ലെങ്കിൽ, അവനെ തടവുകാരനായി വെയ്ക്കുകയും അനുയോജ്യമായ ജോലി നൽകുകയും ചെയ്യുക. (അവന്റെ കഴിവ് അനുസരിച്ച്) അങ്ങനെ അവനിൽ നിന്ന് ഒരു തുക ഈടാക്കി അവനെ മോചിപ്പിക്കാവുന്നതാണ് ; അഥവാ അവനു വേണ്ടി ഒരു തുക നൽകി മോചിപ്പിക്കാവുന്നതുമാണ്. ഇതൊരു കുറ്റമായി കണക്കാക്കാവതല്ല; ഇക്കാലത്ത് യുദ്ധ തടവുകാരെ അവരുടെ കഴിവ് അനുസരിച്ച് ജോലി ചെയ്യിക്കുന്നുണ്ടല്ലോ.

മുസ്ലീങ്ങൾക്കെതിരിൽ ഇനി യുദ്ധം ചെയ്യില്ല എന്ന ഉറപ്പിൻമേൽ യുദ്ധതടവുകാരെ വിശുദ്ധ പ്രവാചകൻ (സ) മോചിപ്പിച്ചിട്ടുണ്ട്. അതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്. ഇത് സംബന്ധമായി ഒരു സംഭവം പ്രവാചകൻ (സ) ന്റെ കാലത്തുണ്ടായിട്ടുണ്ട്. ബദ്ർ യുദ്ധവേളയിൽ അബൂഉസ്സ എന്ന ആളെ തടവുകാരനായി പിടിച്ചു. യുദ്ധ സമയത്ത് മുസ്ലീങ്ങൾക്കെതിരിൽ ഇനി ഒരിക്കലും യുദ്ധം ചെയ്യില്ല എന്ന ഉറപ്പ് അദ്ദേഹത്തിൽ നിന്നും വാങ്ങിയ ശേഷം പ്രവാചകൻ (സ) അദ്ദേഹത്തെ വിട്ടയച്ചു. ദൗർഭാഗ്യവശാൽ അയാൾ തന്റെ കരാർ ഉഹ്ദ് യുദ്ധസമയത്ത് ലംഘിച്ചു. പിന്നീട് ഹംറാ അൽ അസദ് യുദ്ധാവസരത്തിൽ അദ്ദേഹത്തെ മുസ്ലീങ്ങൾ തടവുകാരായി പിടിക്കുകയും വധശിക്ഷ നടപ്പിലാക്കുകയും ഉണ്ടായി.

ആയതിനാൽ, മുസ്ലീങ്ങൾക്കും മുസ്ലീങ്ങൾ അല്ലാത്തവർക്കും ഇസ്ലാമിന്റെ തത്വങ്ങൾ വളരെ വ്യക്തമാണ്. ഇതിന്റെ അധ്യാപനങ്ങൾ സത്യത്തിലധിഷ്ഠിതമാണ്. അത് വരുന്നത് അതുല്യനും സമ്പൂർണ്ണനുമായ ദൈവത്തിൽ നിന്നുമാണ്. അവനാണ് അവന്റെ ദാസന്മാർക്ക് മാർഗ്ഗദർശനം നൽകുന്നത്. ഇസ്ലാമിന്റെ അധ്യാപനങ്ങൾ എല്ലാ കാലത്തേക്കുമുള്ളതാണ്. ലോക രാഷ്ട്രങ്ങൾ ഇന്ന് ദൈവീക ഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ പരിപൂർണ്ണതയെപ്പറ്റി പരിഗണിക്കുവാൻ കനിയുകയാണെങ്കിൽ, അപ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. എന്നാൽ ഈ സമീപനം സമ്പൂർണ്ണമായിരിക്കണം. ജനങ്ങൾക്ക് അതുല്യനായ, സൃഷ്ടാവായ ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കണം. അവനാണ് അവർക്ക് എല്ലാം നൽകിയിരിക്കുന്നത്; അവർക്കായി ഏറ്റവും നല്ല മാർഗ്ഗദർശനവും! അങ്ങനെ വളരെയധികം പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയുന്നതാണ്. അങ്ങനെ ആധുനിക കാലത്തെ അടിമത്വം ഇല്ലായ്മ ചെയ്യുവാൻ കഴിയുന്നതാണ്.

ഇസ്ലാമിന്റെ സത്യതയും സമ്പൂർണ്ണ അധ്യാപനങ്ങളും ദർശിക്കുവാൻ ലോകരാഷ്ട്രങ്ങളെ അല്ലാഹു സഹായിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*